DESPATCH
On 14/12/21

24/11/2021



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 599(6)/2021 എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.5612/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. മുരളീധരൻ പിള്ള,
ചരുവുകാല വീട്,
താമരക്കുടി പി.ഒ,
കൊട്ടാരക്കര – 691 560 } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   മൈലം ഗ്രാമപഞ്ചായത്ത്,
   മൈലം പി.ഒ, കൊട്ടാരക്കര.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ പി.ഒ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| മറുപടി ലഭ്യമാക്കിയ തീയതി | 17/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/05/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/07/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മുരളീധരൻ പിള്ള, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 04.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മൈലം ഗ്രാമപഞ്ചായത്തിലെ താമരക്കുടി 3-ാം വാർഡിലെ 2010 നവംബർ മുതൽ 2020 നവംബർ കാലഘട്ടത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ആനുകൂല്യം ലഭിച്ചവരുടെ പേരും, മേൽവിലാസവും ഇനവും നല്കണമെന്നാണ്.

3. ഹർജിക്കാരന്റെ 04.03.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.03.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടിയാൻ 04.03.2021 ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന അതേ വിവരങ്ങൾ തന്നെ 05.01.2021 ലും ആവശ്യപ്പെട്ടിരുന്നതായും ആയതിന് 12.02.2021 ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരിക്കുന്നതായും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിക്ക് അപ്പീൽ സമർപ്പിച്ചതായും ടി അപ്പീൽ 17.03.2021 ൽ തീർപ്പാക്കിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി 23.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത് ഹർജിക്കാരൻ 05.01.2021 ൽ നൽകിയ വിവരാവകാശ അപേക്ഷയെ ആസ്പദമാക്കിയാണ്. ഒരേ വിഷയങ്ങൾ തന്നെയാണ് രണ്ട് അപേക്ഷയിലും ആവശ്യപ്പെട്ടിരിക്കുന്നത്. ടിയാന്റെ 05.01.2021 ലെ അപേക്ഷയ്ക്ക് 12.02.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയത് തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 19.02.2021 ൽ രണ്ടാം എതിർകക്ഷിയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് 17.03.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അപേക്ഷകൻ മൈലം ഗ്രാമപഞ്ചായത്ത് വാർഡ് 3 ലെ 2010 മുതൽ 2020 വരെയുള്ള ഗുണഭോക്തൃ ലിസ്റ്റ് ആവശ്യപ്പെട്ടതിൽ 2010-11, 2012-13 ഒഴികെയുള്ള വർഷങ്ങളിലെ ലിസ്റ്റുകളുടെ

പകർപ്പ് അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും, 2010-11, 2012-13 വർഷങ്ങളിലെ ഗുണഭോക്തൃ ലിസ്റ്റ് ആഫീസിൽ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ലെന്നും ടി വിവരങ്ങൾ വെബ്സൈറ്റിലും ലഭ്യമല്ലെന്ന് എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും എന്നാൽ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ യുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് വിപുലമായ തിരച്ചിൽ നടത്തി ബന്ധപ്പെട്ട രേഖകൾ കണ്ടെത്തി അപേക്ഷകന് ഇനിയും നൽകുവാൻ അവശേഷിക്കുന്ന വിവരം/പകർപ്പുകൾ അപേക്ഷന് നൽകണമെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് 17.03.2021 ൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവിലെ നിർദ്ദേശപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് കണ്ടെത്തി പകർപ്പ് നൽകുന്നതിന് ഓഫീസ് ഉത്തരവ് നൽകി ടീം രൂപീകരിച്ച് വ്യാപകമായി തെരച്ചിൽ നടത്തിയിട്ടും ടി രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ലായെന്ന് എസ്.പി.ഐ.ഒ. 20.07.2021 ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നുമാണ് 23.07.2021 ലെ രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ഇതേ വിവരങ്ങൾ ആവശ്യപ്പെട്ട് 05.01.2021 ലും അപേക്ഷ നൽകിയിരിക്കുന്നതായി കാണുന്നു. 05.01.2021 ലെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. 12.11.2021 ൽ കമ്മീഷൻ പുനലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ ഹിയറിംഗിൽ ഹാജരാവരുകയോ ഹാജരാകാതിരുന്നതിനുള്ള കാരണമോ കമ്മീഷനിൽ അറിയിച്ചിരുന്നില്ല. ഹർജിക്കാരൻ 05.01.2021 ൽ ഇതേ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് വിവരാവകാശ അപേക്ഷ നൽകിയിരുന്നത് മറച്ചുവച്ചുകൊണ്ടാണ് 04.03.2021 ൽ വീണ്ടും അപേക്ഷ നൽകിയതെന്നാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയിരിക്കുന്നത്. രണ്ടാം എതിർകക്ഷിയുടെ 17.03.2021 ലെ നിർദ്ദേശമനുസരിച്ച് ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് 2010-11, 2012-13 വർഷങ്ങളിലെ ഗുണഭോക്തൃ ലിസ്റ്റ് കണ്ടെത്തുന്നതിന് വീണ്ടും തിരച്ചിൽ നടത്തിയിട്ടും കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയിരിക്കുന്നത്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് സാദ്ധ്യമായ എല്ലാ പരിശ്രമങ്ങളും നടത്തിയിട്ടുള്ളതായി

എതിർകക്ഷി ഹാജരാക്കിയ റിപ്പോർട്ടും ഓഫീസ് ഓർഡറുകളും മറ്റും കമ്മീഷനിൽ ഹാജരാക്കിയതിൽ നിന്നും വ്യക്തമാകുന്നു. അപേക്ഷകൻ മറുപടി നൽകുന്നതിലേക്കായി എതിർകക്ഷികൾ നടത്തിയ ശ്രമങ്ങളുടെ ഫലമായി 2010-11, 2012-13 ഒഴികെയുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതായും അപ്രകാരം എല്ലാ ശ്രമങ്ങൾ നടത്തിയിട്ടും ടി വർഷങ്ങളിലെ രേഖകൾ കണ്ടെത്താൻ കഴിയുന്നില്ല എന്ന എതിർകക്ഷിയുടെ റിപ്പോർട്ട് നിരാകരിക്കുവാൻ തക്ക കാരണങ്ങൾ കണ്ടെത്താൻ കഴിയുന്നില്ല. ആയത് ലഭ്യമാക്കുവാൻ ഏതെങ്കിലും തരത്തിൽ കഴിയുമോ എന്ന് ഒരു ശ്രമം കൂടി നടത്തുവാൻ എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 24-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
vkm